സ.ഉ.(കൈ) നം.234/2022/GEDN

"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് -കോമേഴ്സ്, മ്യൂസിക് എന്നീ ബിരുദ വിഷയങ്ങൾ എച്ച്.എസ്.എ (സോഷ്യൽ സയൻസ്) അധ്യാപക യോഗ്യതയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്

സ.ഉ.(കൈ) നം.234/2022/GEDN തീയതി,തിരുവനന്തപുരം, 19-12-2022

പരാമർശം:- 21.09.2022-ലെ സ.ഉ.(കൈ) നം. 164/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

എച്ച്.എസ്.എ (സോഷ്യൽ സയൻസ്) അധ്യാപക യോഗ്യതയിൽ നിന്നും കോമേഴ്സ്, മ്യൂസിക് എന്നീ ബിരുദ വിഷയങ്ങൾ ഒഴിവാക്കിക്കൊണ്ടു പരാമർശം പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ ഒഴിവാക്കപ്പെട്ട യോഗ്യതകൾ നേരത്തേ നിയമനത്തിന് പരിഗണിക്കുമായിരുന്നതിനാൽ പ്രസ്തുത ഉത്തരവ് തീയതിക്ക് മുൻപ് പി.എസ്.സി വിജ്ഞാപനപ്രകാരം പരീക്ഷ എഴുതിയവരെയും കോമേഴ്സ്, മ്യൂസിക് എന്നീ ബിരുദങ്ങൾ നേടിയതിനുശേഷം സോഷ്യൽ സയൻസ് ബി.എഡ് നേടിയവരെയും പ്രസ്തുത ബിരുദങ്ങൾ നേടിയതിനുശേഷം നിലവിൽ സോഷ്യൽ സയൻസ് ബി.എഡിനു ചേർന്ന് പഠിക്കുന്നവരെയും പരാമർശിത ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശ ഉത്തരവിനു ഉത്തരവു തീയതി മുതൽക്കു മാത്രമേ പ്രാബല്യമുള്ളൂ എന്നും ചുവടെപ്പറയുന്ന വിഭാഗങ്ങളെ മേൽ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ഉത്തരവാകുന്നു:

1. പരാമർശ ഉത്തരവ് തീയതിക്കു മുൻപ് സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ നിയമിതരായവർ.
2. പരാമർശ ഉത്തരവ് തീയതിക്കു മുൻപ് പി.എസ്.സി വിജ്ഞാപനപ്രകാരം എച്ച്.എസ്.എ (സോഷ്യൽ സയൻസ്) തസ്തികയിലേക്ക് അപേക്ഷിക്കുകയും പരീക്ഷ എഴുതുകയും ചെയ്തവർ.
3. ഉത്തരവ് തീയതിക്കു മുൻപ് കോമേഴ്സ്, മ്യൂസിക് എന്നീ ബിരുദങ്ങൾ

നേടിയതിനുശേഷം സോഷ്യൽ സയൻസ് ബി.എഡ് നേടിയവരും പ്രസ്തുത ബിരുദങ്ങൾ നേടിയതിനുശേഷം നിലവിൽ സോഷ്യൽ സയൻസ് ബി.എഡിനു ചേർന്ന് പഠിക്കുന്നവരും.

4. പരാമർശ ഉത്തരവ് തീയതിക്കുള്ളിൽ കെ.ഇ.ആർ അധ്യായം XIV A ചട്ടം 43, 51 A, 51 B അവകാശം നേടിയവർ.

പരാമർശ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

To :

1. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം
3.ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം
4.രജിസ്ട്രാർ, എം.ജി./ കേരള/കാലിക്കറ്റ്/ കണ്ണൂർ സർവകലാശാല
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6.ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
8.അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
9. പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by N.k. Sheena
Date: 20-12-2022 10:47:20
സെക്ഷൻ ഓഫീസർ

പകർപ്പ് :

1. ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
3. ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്